ലേക്കും ഇത് വ്യാപിപ്പിക്കുന്നതാണ്. പ്രധാന പകർച്ചവ്യാധികളായ ഡെങ്കി വവവവവവവവവവവവവവവവപ്പനി, ജപ്പാൻ ജ്വരം, ഛർദ്ദി, അതിസാരം, മഞ്ഞ പിത്തം, എലിപ്പനി തുടങ്ങിയ രോഗങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരിക യെന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. പകർച്ചവ്യാധികൾ വ്യാപകമായി ഉണ്ടാകുമ്പോൾ രോഗങ്ങളെ പെട്ടെന്ന് നിയന്ത്രണ വിധേയമാക്കുക, രോഗം പകരുന്നത് തടയുക, മുൻകരുതലെടുക്കുവാൻ ജനങ്ങളെ സഹായിക്കുക, രോഗികളെ തുടക്കത്തിൽതന്നെ ചികിത്സിക്കുക എന്നിവയാണ് ഈ കർമ്മസ മിതിയുടെ ഉദ്ദേശം. ആരോഗ്യവകുപ്പിൽ സംസ്ഥാനതലത്തിലും ജില്ലാതല ത്തിലും ദ്രുതകർമ്മ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) കോട്ടയം ജില്ലയിലെ ചില പ്രദേശങ്ങളിൽ മഞ്ഞപിത്തബാധ ഉണ്ടായിട്ടുണ്ട്. നെടുകുന്നം സെന്റ് തെരേസ ഹൈസ്കൂളിലേക്കും അവി ടത്തെതന്നെ യു.പി., എൽ.പി. നഴ്സറി സ്കൂളുകളിലേയും ഏകദേശം 200-ഓളം വിദ്യാർത്ഥികളിൽ 'എ' ഗ്രൂപ്പ് ഹെപ്പറ്റൈറ്റിസ് വൈറസ് പരത്തുന്ന രോഗലക്ഷണം കാണുകയും ആശുപത്രിയിൽ ചികിത്സിക്കുകയും ചെയ്തു. കോട്ടയം ജില്ലാ മെഡിക്കൽ ആഫീസറുടെ അന്വേഷണത്തിൽ ഈ രോഗം പകർന്നതിന്റെ കാരണം സ്കൂൾ വളപ്പിലുള്ള രണ്ടു കിണറുകളിലെയും സമീ പത്തുള്ള കനാലിൽ നിന്നുമുള്ള മലിനജലത്തിന്റെയും രോഗാണുവാണെന്നു കണ്ടെത്തി. വെള്ളത്തിന്റെ സാമ്പിളുകൾ പരിശോധിക്കുകയും രോഗം കൂടു തൽ പടരാതിരിക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്തു.

(സി)&(ഡി) മഞ്ഞപിത്തം കുടിവെള്ളത്തിൽ കൂടിയും ആഹാരത്തിൽ കൂടിയും പകരുന്ന രോഗമായതിനാൽ കിണറുകൾ. മറ്റു ജലസ്ത്രോതസ്സുകൾ എന്നിവ ക്ളോറിനേഷൻ നടത്തി ആഹാരസാധനങ്ങൾ വൃത്തിയായി കൈകാര്യം ചെയ്യാനും, വ്യക്തിശുചിത്വം പാലിക്കാനും ശുദ്ധജലം അല്ലെ ങ്കിൽ തിളപ്പിച്ചാറ്റിയ ജലം കുടിക്കുന്നതു ശീലിക്കാനും പലവിധമാധ്യമങ്ങ ളിൽ കൂടി ജനങ്ങളെ ബോധവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചു.

(ഇ)&(എഫ്) നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ നിരീക്ഷണ പരിപാടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസിന്റെ കീഴിൽ സംസ്ഥാനത്ത് 1997-98 ൽ ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങ ളിലും 98-99-ൽ എറണാകുളത്തും നടപ്പിലാക്കി.

169 (2484) പകർച്ചവ്യാധികളുടെ ഉന്മൂലനം

<u>ശ്രീ. കെ.പി. എ. മജീദ്</u> :
<u>ശ്രീ. സി. മോയിൻകുട്ടി</u> :
<u>ശ്രീ. നാലകത്ത് സൂപ്പി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും പകർച്ചവ്യാധികൾ ഉന്മൂലനം ചെയ്തി ട്ടുണ്ടോ;

(ബി) അടുത്ത കാലത്തായി പല പകർച്ചവ്യാധികളും സംസ്ഥാനത്തുട നീളവും പ്രത്യേകിച്ച് തീരപ്രദേശങ്ങളിലും പടർന്നുപിടിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(സി) ഇതേകുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പകർച്ചവ്യാധികൾ പടരുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂർണ്ണമായും ഉന്മൂലനം ചെയ്തിട്ടില്ല.

(ബി) അടുത്ത കാലത്തായി ഛർദ്ദി-വയറിളക്കം, ടൈഫോയിഡ്, മഞ്ഞപിത്തം എന്നീ പകർച്ചവ്യാധികൾ സംസ്ഥാനത്തെ ചിലഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പകർച്ചവ്യാധികൾ പടരുന്നത് തടയാനും ഇല്ലായ്മ ചെയ്യാനും രോഗ പ്രതിരോധകുത്തിവയ്പ് എല്ലാ കുട്ടികൾക്കും നൽകുന്നുണ്ട്. വിവിധ മാധ്യമങ്ങളിൽകൂടി ജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗചികിത്സയ്ക്കുള്ള സംവിധാനങ്ങൾ എല്ലാ ആശുപത്രികളിലും ലഭ്യമാണ്. ജനങ്ങളുടെ പങ്കാളിത്തത്തോടെ പഞ്ചായത്ത് അധികൃതർ ആരോഗ്യ വകുപ്പുമായി സഹകരിച്ച് രോഗനിയന്ത്രണപരിപാടി വിജയിപ്പിക്കുവാൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വയറിളക്കരോഗങ്ങൾ നിയന്ത്രണത്തിലാക്കാൻ പാനീയചികിത്സ വ്യാപകമാക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പ് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ശുദ്ധജലം ഉപയോഗിക്കുന്നതിനും ശുചിയായ ആഹാരസാധനങ്ങൾ ഉപയോഗിക്കുന്നതിനും സർവ്വോപരി വ്യക്തിശുചിത്വം പാലിക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കാൻ വിവിധ മാധ്യമങ്ങൾ ഉപയോഗിക്കുന്നുണ്ട്. റാപ്പിഡക്സ് ആക്ഷൻ ഫോഴ്സിന്റെ സേവനം സാംക്രമിക രോഗനിവാരണത്തിന് പ്രയോജനപ്പെടുത്തുന്നു. മെഡിക്കൽ കോളേജുകളിലെ റീജിയണൽ പി.ഇ. ഐ.ഡി. സെല്ലുകൾ അതതു ജില്ലകളിലെ ഡി.എം.ഒ. മാരും ചേർന്ന് സംയുക്തമായി പഠനം നടത്തി അനുയോജ്യമായ പ്രതിവിധികൾ സ്വീകരിച്ചുവരുന്നു.

170 (2485) ചികിത്സാ സഹായ പദ്ധതി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പു മുഖേനയുള്ള ചികിത്സാ സഹായപദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ട തുക എങ്ങനെയാണ് സ്വരൂപിക്കുന്നതെന്നും, ഇതുവരെയായി എത്ര തുക സ്വരൂപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) സഹായധനം ലഭിക്കാൻ കാലതാമസമുണ്ടാകുന്നതുകാരണം അടിയന്തിര ശസ്ത്രക്രിയകൾപോലും നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly